പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3535 — 12.05.2017-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളിക്ക് കടാശ്വാസം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. സ്വരാജ്<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ. ആൻസലൻ | | ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യിട്ടുണ്ടോ; | (എ) | കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് കമ്മീഷൻ കടാശ്വാസം അനുവദിച്ചുവെങ്കിലും സർക്കാർ തുക അനുവദിക്കാതെ കുടിശിക ആക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ, ആവശ്യത്തിന് തുക അനുവദിച്ച് മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | 2016 - 17 വർഷം 17.50 കോടി രൂപ മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി വകയിരുത്തിയിരുന്നു. കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരം 9.32 കോടി രൂപ കടാശ്വാസമായി അനുവദിച്ചിട്ടുണ്ട്. 2017 - 18 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി ബഡ്ജറ്റിൽ 17.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഇതുവരെയായി 2.74 കോടി രൂപ രജിസ്ട്രാർ സഹകരണ വകുപ്പിനും 44,83,647 രൂപ ഭവന നിർമ്മാണ ബോർഡിനും കടാശ്വാസം നൽകുന്നതിനായി അനുവദിച്ചു നൽ കിയിട്ടുണ്ട്. |
| (ഡി) | 2008 ഡിസംബർ മാസത്തിന് ശേഷം വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്ത് കടക്കെണിയിലായ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളാൻ സാധ്യമാകുമോ എന്ന കാര്യം പരിശോധിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ